**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1545** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഏലം കൃഷിക്ക് വിള ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏലം കൃഷി ഇൻഷ്വർ ചെയ്യുന്നതിന് ആവശ്യമായ കുറഞ്ഞ ഭൂപരിധി 25 സെന്റായി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | 22.03.2017ലെ സ.ഉ.(എം.എസ്) നം.37/2017/ കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ കുറഞ്ഞത് ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന ഏലം കർഷകർക്ക് ഒരു വർഷത്തേക്ക് 1500/- രൂപയും മൂന്നു വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 3750/- രൂപയും ഒടുക്കി ഇൻഷ്വർ ചെയ്യാവുന്നതാണ്. ഭൂപരിധി 25 സെന്റായി കുറയ്ക്കുന്നത് സംബന്ധിച്ച വിഷയം പരിശോധനയിലാണ്. |
| (ബി) | ചെറുകിട നാമമാത്രമായ ഏലകർഷകരെ സുഗന്ധവിള വികസന പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | നിലവിൽ ഏലം, റബ്ബർ തുടങ്ങിയ തോട്ടവിളകളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ പ്രത്യേകമായി രൂപീകരിച്ചിട്ടുള്ള കമ്മോഡിറ്റി ബോർഡുകളായ സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ് എന്നിവ മുഖേനയാണ് പ്രസ്തുത വിളകൾക്കായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. സ്പൈസസ് ബോർഡ് നടപ്പിലാക്കുന്ന സുഗന്ധവിള വികസന പദ്ധതികളെല്ലാം കൃഷിഭൂമി 8 ഹെക്ടർ വരെയുള്ള ചെറുകിട നാമമാത്ര കർഷകരെ ഉദ്ദേശിച്ചുള്ളവയാണ്. |
| (സി) | സംസ്ഥാന വെജിറ്റബിൾ ഫാമുകളിൽ ഒരു ഏക്കറിനു ഒരു തൊഴിലാളി എന്ന അനുപാതത്തിൽ തൊഴിലാളികളെ നിയമിച്ച് പച്ചക്കറിയും മറ്റു ഉൽപന്നങ്ങളുടെ കൃഷിയും വ്യാപിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (സി) | ഓരോ ഫാമിലെയും കൃഷിഭൂമിയുടെ അടിസ്ഥാനത്തിലല്ല അവിടുത്തെതൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിക്കുന്നത്. അതിനാൽ ഒരു ഏക്കറിന് ഒരു തൊഴിലാളി എന്ന അനുപാതം സംസ്ഥാനത്തെ ഫാമുകളിൽ നിശ്ചയിച്ചിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ പച്ചക്കറി ഉൾപ്പെടെയുള്ള വിളകളുടെ കൃഷി വ്യാപനവും നടീൽ വസ്തുക്കളുടെ ഉത്പാദനവും സംസ്ഥാനത്തെ കൃഷി ഫാമുകളിൽ നടന്നു വരുന്നു. |
| (ഡി) | കൃഷിയിടങ്ങളിൽ ചെക്ക്ഡാമുകൾ നിർമിച്ചുകൊണ്ട് കൃഷിക്കാവശ്യമായ ജലം കെട്ടിനിർത്തുവാനും ജലക്ഷാമം പരിഹരിക്കുവാനും എന്തൊക്കെ | (ഡി) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ നീർത്തട പദ്ധതികളിൽ ഉൾപ്പെടുന്ന നീർച്ചാലുകളുടെ 1,2,3-ാം നിര |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ ? | | തോടുകളിൽ പ്രകൃതിയാൽ ലഭ്യമായ കാട്ടുകല്ലുകൾ, പാറ എന്നിവ ഉപയോഗിച്ച് ചെറിയ തടയണകൾ നിർമ്മിച്ച് കൃഷിയ്ക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തികൾ നടപ്പിലാക്കുന്നു. കൂടാതെ കേരളാ ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ വഴിയും ജല സംരക്ഷണ നടപടികൾ ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ